**ശ്രദ്ധക്ഷണിക്കൽ**

പൊതുസ്ഥലങ്ങളിലെ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, വികസന പ്രവർത്തനങ്ങളുടെ ഭാഗമായും അപകട ഭീഷണിയൊഴിവാക്കുന്നതിനും പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലുമുള്ള വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ വനംവകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഈ ഉത്തരവുകൾ പ്രകാരം വലിയ പ്രയാസങ്ങൾ സംസ്ഥാന വ്യാപമായി നേരിടുകയാണ്. തദ്ദേശസ്ഥാപനതല കമ്മിറ്റി ചേർന്ന് മുറിച്ചുമാറ്റേണ്ട മരം ഏതാണെന്ന് തീരുമാനിച്ചുകഴിഞ്ഞാൽ വില നിർണ്ണയിക്കേണ്ടത് വനം വകുപ്പാണ്. വനം വകുപ്പിനോട് വില നിർണ്ണയം നടത്തി തരണമെന്ന് പറഞ്ഞാൽ സമയബന്ധിതമായി ലഭിക്കുന്നില്ലെന്ന ഗൗരവതരമായ പ്രശ്നമുണ്ട്. വിലനിർണ്ണയം നടത്തിയാൽ അത് നാട്ടിലുള്ള വിലയുമായി യാതൊരു പൊരുത്തവുമില്ലാത്തതാണെന്ന ഗൗരവമായ വിഷയമുണ്ട്. വിലനിർണ്ണയമനുസരിച്ച് ലേലം ചെയ്തുകഴിഞ്ഞാൽ എടുക്കാൻ ആളുണ്ടാവില്ല. ഒന്നും രണ്ടും തവണ ലേലം ചെയ്തിട്ടും എടുക്കാതെയായി

മാറുമ്പോൾ ക്വട്ടേഷൻ വിളിക്കുകയാണ് പതിവ്. ക്വട്ടേഷൻ വിളിച്ചാലും ആളെ കിട്ടില്ല. അതുംകഴിഞ്ഞാൽ വെട്ടിമാറ്റി അട്ടിക്കിടണമെന്നാണ് നിലവിലുള്ള നിർദ്ദേശം. ഇങ്ങനെ നിലവിൽ വെട്ടിമാറ്റി അട്ടിക്കിടുന്നതിനുള്ള പ്രയാസം, മരത്തിന്റെ വിലയും അതിന്റെ ഇരട്ടിയോ കൊടുത്താൽപോലും വെട്ടിമാറ്റാൻ തൊഴിലാളികളെ കിട്ടില്ലെന്നതാണ് ഏറ്റവും ഗൗരവമായ വിഷയം. 3,000/- രൂപ വാല്യുവേഷൻ നിർണ്ണയിച്ച ഒരു മരത്തിന് 50,000/- രൂപ ചെലവഴിച്ച് വെട്ടിമാറ്റേണ്ട അവസ്ഥപോലും ഈ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. ക്രെയിൻ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഉപയോഗിക്കേണ്ടി വന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതുമാത്രമല്ല, വെട്ടിമാറ്റി അട്ടിയിട്ട മഴമരത്തിന് ഒരു ക്യൂബിക് മീറ്ററിന് 3,630/- രൂപയാണ് വില നിർണ്ണയം നടത്തിയിട്ടുള്ളത്. ആരാണ് ഈ വിലയ്ക്ക് ഇത്തരം മരങ്ങൾ ഏറ്റെടുക്കാൻ പോകുന്നത്; ഇങ്ങനെ വളരെയേറെ പ്രയാസങ്ങളാണ് ഇതുവഴി ഉണ്ടാകുന്നത്. മുറിച്ചുമാറ്റി അട്ടിയിട്ട മരങ്ങൾ മുഴുവനും കേരളത്തിലെ തെരുവോരങ്ങളിലും പൊതുഇടങ്ങളിലും കിടന്ന് മണ്ണരിച്ചുപോകുന്ന അവസ്ഥയാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. പൊതുഖജനാവിലേയ്ക്ക് വരേണ്ട കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ്

ഇതുവഴി വന്നുചേരുന്നത് എന്നും കാണാൻ കഴിയും. മേൽനടപടിക്രമങ്ങൾ പൂർത്തീകരിച്ച് വികസന പ്രവർത്തനങ്ങൾ ആരംഭിക്കണമെങ്കിൽ വർഷങ്ങൾതന്നെ എടുക്കുന്ന അവസ്ഥയാണുള്ളത്. സമയബന്ധിതമായി പൂർത്തീകരിക്കേണ്ട വികസന പ്രവർത്തനങ്ങൾക്ക് ഏറ്റവും വലിയ തടസ്സമായി ഇത് മാറുന്നുവെന്ന് കാണാൻ കഴിയും. എന്റെ മണ്ഡലത്തിലെ കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെ കെട്ടിടം നിർമ്മിക്കുന്നതിനായി നബാർഡിൽ നിന്നും പണം അനുവദിച്ചു....(ബഹളം)......

മി. സ്പീക്കർ: പ്ലീസ്....പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലത്തെ മരം മുറിച്ചുമാറ്റുന്നതിന് ഒരു വർഷത്തിലധികം സമയമെടുത്തുവെന്ന് കാണാം. പേരാമ്പ്ര മണ്ഡലത്തിലെ ഐ.ടി.ഐ-യുടെ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി അവിടെയുള്ള മരം മുറിച്ചുമാറ്റാത്തതിന്റെ ഫലമായി ഇതുപോലെ കാലതാമസം വരുന്ന സാഹചര്യവും നാം കാണുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള കമ്മിറ്റിക്കുതന്നെ വിലനിർണ്ണയാവകാശം കൊടുക്കുകയും ബന്ധപ്പെട്ട വകുപ്പുതന്നെ മരം

മുറിച്ചുമാറ്റുകയും ചെയ്യുന്ന അവസ്ഥയുണ്ടാകണം. മരത്തിന്റെ വില മാർക്കറ്റ് വിലയ്ക്ക് അനുയോജ്യമായ വിധത്തിൽ ചിട്ടപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികളും ഉണ്ടാകേണ്ടതുണ്ട്. മുറിക്കുന്ന മരത്തിന്റെ ചെലവ് എങ്ങനെ നിർവ്വഹിക്കണം എന്നതിനെ സംബന്ധിച്ചും ഒരു പൊതുനിർദ്ദേശം ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് നമ്മൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം തന്നെയാണ്. ഇപ്പോഴത്തെ സമ്പ്രദായമനുസരിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞ തരത്തിലുള്ള നടപടികൾ അനുസരിച്ചുമാത്രമേ മുമ്പോട്ടുപോകാൻ കഴിയുകയുള്ളൂ. ഇതിൽ മാറ്റമുണ്ടാകണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. അതിനുവേണ്ടി ശാസ്ത്രീയമായ പരിശോധനയും അതിന്റെ അടിസ്ഥാനത്തിലുള്ള തീരുമാനവും ഒപ്പം അത് നടപ്പിലാക്കാൻ ചട്ടങ്ങളിലും റൂൾസിലും ഭേദഗതി കൊണ്ടുവരുന്നതുൾപ്പെടെയുള്ള തീരുമാനവും ആവശ്യമാണ്. പ്രസ്തുത വിഷയം

ഗൗരവത്തിൽ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന് സഭയെ അറിയിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, തേക്ക്, മാഞ്ചിയം, അക്കേഷ്യ തുടങ്ങിയ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഇപ്പോൾ യാതൊരു തടസ്സവുമില്ല. എന്നാൽ ഭീഷണിയായി തെരുവോരങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ധാരാളം സാങ്കേതിക പ്രശ്നങ്ങളുണ്ട്. മഴയെയും കാറ്റിനെയും അതിജീവിക്കാൻ കഴിയുന്ന മരങ്ങൾ, അതായത് തമിഴ്നാട് മാതൃകയിൽ വാളൻപുളി ഉൾപ്പെടെയുള്ളവ വച്ചുപിടിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇത്തരം ഘട്ടങ്ങളിൽ ദുരന്ത നിവാരണ അധികാരമുപയോഗിച്ചുകൊണ്ട് ബഹുമാനപ്പെട്ട ജില്ലാ കളക്ടർമാർക്ക് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ കാലോചിതമായ പരിഷ്കാരം ഈ കാര്യത്തിൽ ആവശ്യമാണ്. അതുസംബന്ധിച്ച് ഗവൺമെന്റ് ഗൗരവത്തിൽ ആലോചിച്ചുവരികയാണ്.

(വിശദമായ മറുപടി മേശപ്പുറത്ത് വച്ചു[1])

1 അനുബന്ധമായി ചേർക്കുന്നു.

(ശ്രദ്ധക്ഷണിക്കലിന് നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട അംഗം ശ്രീമതി ഉമ തോമസ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)